# കേരള സർക്കാർ
## ഇൻഫർമേഷൻ ആൻഡ് പബ്ലിക് റിലേഷൻസ് വകുപ്പ്
### ജില്ലാ ഇൻഫർമേഷൻ ഓഫീസ്, തൃശൂർ

## പത്രക്കുറിപ്പ്
**2019 ഡിസംബർ 04 ബുധൻ**

<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>

**www.prd.kerala.gov.in.**
**videos: http://www.clipmail.kerala.gov.in**
**email: diothrissur@gmail.com**

<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>


## പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം; ജില്ല ഹൈടെക്ക് ആവുന്നു

പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി സംസ്ഥാന സർക്കാർ കേരളാ ഇൻഫ്രാസ്ട്രക്ചർ ആൻഡ് ടെക്നോളജി ഫോർ എഡ്യുക്കേഷൻ അഥവാ കൈറ്റ് മുഖേന നടപ്പാക്കി വരുന്ന പദ്ധതികൾ ജില്ലയിൽ പൂർത്തിയാവുന്നു. ഹൈടെക്ക് സ്കൂൾ പദ്ധതിയുടെ ഭാഗമായി ജില്ലയിലെ സ്കൂളുകളിൽ ഇത് വരെ 9817 ലാപ്ടോപ്പുകളും 8377 യുഎസ്ബി സ്പീക്കറുകളും 5721 പ്രൊജക്ടറുകളും വിന്യസിച്ച് കഴിഞ്ഞു. ജില്ലാ ഹൈടെക്ക് സ്കൂൾ നേട്ടപ്രഖ്യാപനം ജനുവരിയിൽ നടക്കും.

8-ാം തരം മുതൽ 12-ാം തരം വരെയുള്ള 442 സ്കൂളുകളാണ് പദ്ധതി വഴി ഹൈടെക്കായത്. ഇതിൽ 186 സർക്കാർ സ്കൂളും 256 എയ്ഡഡ് സ്കൂളും ഉൾപ്പെടും. ഒന്നാം തരം മുതൽ ഏഴ് തരം വരെയുള്ള ക്ലാസ്സുകളിലെ ഹൈടെക്ക് പ്രവർത്തനങ്ങൾ തുടരുന്നു. 807 സ്കൂളുകളിൽ പദ്ധതി പൂർത്തിയായി. ഇതിൽ 228 സർക്കാർ സ്കൂളുകളും 579 എയ്ഡഡ് സ്കൂളുകളും ഉൾപ്പെടും. ജില്ലയിലെ മുഴുവൻ സ്കൂളുകളിലും ഉപകരണ വിതരണം പൂർത്തിയായി.

ഒന്നാം തരം മുതൽ 12-ാം തരം വരെയുള്ള സ്കൂളിൽ ഇത് വരെ 9817 ലാപ്ടോപ്പ്, 8377 യുഎസ്ബി സ്പീക്കർ, 5721 പ്രൊജക്ടർ, 3375 മൗണ്ടിംഗ് കിറ്റുകൾ, 1942 സ്ക്രീനുകൾ എന്നിവയാണ് ആദ്യഘട്ടത്തിൽ വിന്യസിച്ചത് ഇതിന് പുറമേ 415 എൽഇഡി, 442 മൾട്ടിഫംഗ്ഷൻ പ്രിന്ററുകൾ, 406 ഡിഎസ്എൽആർ ക്യാമറ, 423 എച്ച് ഡി വെബ്ക്യാം എന്നിവ സ്കൂൾക്ക് നൽകി.

എരുമപ്പെട്ടി ഗവ. എച്ച്എസ്എസ്, മതിലകം സെന്റ് ജോസഫ് എച്ച്എസ്എസ്, ഇരിങ്ങാലക്കുട നാഷണൽ എച്ച്എസ്എസ്, കുറ്റിക്കാട് സെന്റ് സെബാസ്റ്റ്യൻസ് എച്ച്എസ്എസ്, ചെറുതുരുത്തി ഗവ. എച്ച്എസ്എസ്, പഴയന്നൂർ ഗവ. എച്ച്എസ്എസ് എന്നീ സ്കൂളുകളിലാണ് പദ്ധതിയുടെ പ്രയോജനം ലഭിച്ചത്.

***അടിക്കുറിപ്പ്: മണ്ണംപേട്ട മാതാ ഹയർ സെക്കണ്ടറി സ്കൂളിലെ ഹൈടെക് ക്ലാസ്സ് റൂം / ഹൈടെക് ലാബ്***

## ഇലക്ടറൽ പരിശോധ വീഴ്ച വരുത്തുന്നവർക്കെതിരെ നടപടി

ഇലക്ഷൻ കമ്മീഷന്റെ നിർദ്ദേശപ്രകാരമുള്ള ഇലക്ടറൽ വെരിഫിക്കേഷൻ പ്രോഗ്രാം സമയബന്ധിതമായി പൂർത്തിയാക്കാത്ത ഉദ്യോഗസ്ഥർക്കും ബൂത്ത് ലെവൽ ഓഫീസർമാർക്കും എതിരെ നടപടിയെടുക്കുമെന്ന് ജില്ലാ കളക്ടർ എസ് ഷാനവാസ് അറിയിച്ചു. നൂറ് ശതമാനം പരിശോധന പൂർത്തിയാക്കാനാണ് തിരഞ്ഞെടുപ്പ് കമ്മീഷൻ നിർദ്ദേശിച്ചിരിക്കുന്നത്. എന്നാൽ ചില താലൂക്കുകളിൽ ലക്ഷ്യമിട്ടതിന്റെ 80 ശതമാനത്തോളം മാത്രമേ പരിശോധന പൂർത്തിയാക്കിയിട്ടുള്ളൂ. ഈ സാഹചര്യത്തിലാണ് വീഴ്ച വരുത്തുന്നവർക്കെതിരെ നടപടി സ്വീകരിക്കാൻ തീരുമാനിച്ചതെന്ന് ജില്ലാ കളക്ടർ അറിയിച്ചു.

## ഭിന്നശേഷിക്കാർക്ക് ലേണേഴ്സ് ലൈസൻസും മെഡിക്കൽ സർട്ടിഫിക്കറ്റും നൽകി

ജില്ലയിലെ ഭിന്നശേഷിക്കാർക്ക് ലേണേഴ്സ് ലൈസൻസും അതിനാവശ്യമായ മെഡിക്കൽ സർട്ടിഫിക്കറ്റും നൽകി. അയ്യന്തോൾ വനിതാ ഇൻഡോർ സ്റ്റേഡിയത്തിൽ ഒരുക്കിയ ക്യാമ്പ് ജില്ലാ കളക്ടർ എസ് ഷാനവാസ് ഉദ്ഘാടനം ചെയ്തു. ജില്ലയിലെ വിവിധ താലൂക്കുകളിൽ നിന്നായി 73 പേരാണ് ലൈസൻസിന് അപേക്ഷ നൽകിയത്. മെഡിക്കൽ പരിശോധന ആവശ്യമില്ലാത്ത 13 പേർക്ക് ആർടിഒ ഓഫീസിൽ ലേർണേഴ്സ് ലൈസൻസ് ടെസ്റ്റ് എഴുതിച്ചു. ബാക്കിയുള്ള അപേക്ഷകരെ ആവശ്യമായ കണ്ണ് പരിശോധന നടത്തി. അതാത് താലൂക്കിൽ ലേണേഴ്സ് ടെസ്റ്റ് എഴുതിക്കും. ഇതിനു ശേഷം ഗ്രൗണ്ട് ടെസ്റ്റ്നടത്തി ലൈസൻസ് ലഭ്യമാക്കും.

## സീറ്റ് ഒഴിവ്

പത്തനംതിട്ട അടൂർ ഭാരത് ഹിന്ദി പ്രചാരം കേന്ദ്രം നടത്തുന്ന ഹിന്ദി ഡിപ്ലോമ ഇൻ എലിമെന്ററി എഡ്യുക്കേഷൻ കോഴ്സിൽ ഒഴിവുള്ള സീറ്റിലേക്ക് അപേക്ഷിക്കാം. പ്ലസ് ടു ആണ് യോഗ്യത. ഫോൺ: 04734226028, 8547126028.

## ലേലം

കോടതി കുടിശ്ശിക ഈടാക്കുന്നതിന് വരവൂർ വില്ലേജ് റീസർവെ 340/4 ൽ ഉൾപ്പെട്ട 0.0202 ഹെക്ടർ സ്ഥലം ഉൾപ്പെടെയുള്ള വസ്തുവഹകൾ ഡിസംബർ 13 രാവിലെ 11 ന് വരവൂർ വില്ലേജ് ഓഫീസിൽ ലേലം ചെയ്യും. ഫോൺ: 04884 232226.